## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3180 | 19.06.2018-ൽ മറുപടിയ്ക്ക് |
|---|---|
| **ഹരിതകർമ്മസേന ശേഖരിക്കുന്ന യൂസർഫീ** | |
| **ചോദ്യം** | **ഉത്തരം** |
| **ശ്രീ.വി.ഡി.സതീശൻ**<br>**,, അനിൽ അക്കര**<br>**,, ഷാഫി പറമ്പിൽ**<br>**,, സണ്ണി ജോസഫ്** | **എ.സി.മൊയ്തീൻ**<br>**തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി** |
| (എ) സംസ്ഥാനത്തെ ഹരിതകർമ്മസേന പ്രവർത്തകർ മാലിന്യം ശേഖരിക്കുന്നതിന് വേണ്ടി യൂസർ ഫീ ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(ബി) സർക്കാരിന്റെ ഏതെങ്കിലും ഉത്തരവ് പ്രകാരം മാലിന്യം ശേഖരിക്കുന്നതിന് വേണ്ടി ജനങ്ങളിൽ നിന്നും യൂസർ ഫീ ഈടാക്കാം എന്ന് വ്യക്തമാക്കിയിട്ടുണ്ടോ; പ്രസ്തുത ഓർഡറിന്റെ വിശദാംശങ്ങൾ നല്കാമോ; | (എ) & (ബി) ഉണ്ട്. ഹരിത കേരളം പദ്ധതിയുടെ ഭാഗമായുള്ള ശുചിത്വ മാലിന്യ സംസ്കരണ ക്യാമ്പയിൻ സ.ഉ (സാധാ)നം.2420/2017/തസ്വഭവ തീയതി 15.07.2017 ഉത്തരവ് പ്രകാരമുള്ള മാർഗ്ഗനിർദ്ദേശത്തിൽ യൂസർഫീ സംബന്ധിച്ച് വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്. ആയത് ചുവടെ സൂചിപ്പിക്കുന്നു.<br>1) സ്വന്തമായി ജൈവമാലിന്യ സംസ്കരണം നടത്തുന്ന വീടുകൾ (കിച്ചൺ ബിൻ, പോട്ട് കമ്പോസ്റ്റ്, ബയോഗ്യാസ് പ്ലാന്റ്, വളക്കുഴി മുഖേന) ഹരിത കർമ്മസേനാംഗം മാസത്തിൽ രണ്ടുതവണ പരിശോധന നടത്തുന്നതിനും അജൈവമാലിന്യം ശേഖരിക്കുന്നതിനുമായി 60 രൂപാ മാസംതോറും നൽകേണ്ടതാണ്.<br>2) കിച്ചൺബിൻ മുതലായ ഉപാധികൾ മുഖേന മാലിന്യ സംസ്കരണം നടത്തുന്ന വീടുകൾക്ക് ആവശ്യമായ ഇനോക്കുലം (1 മാസത്തേയ്ക്ക് 30 ലിറ്റർ) നൽകുകയും ആഴ്ചയിലൊരു സന്ദർശനം നടത്തുകയും അജൈവ മാലിന്യം ശേഖരിക്കുകയും സ്വന്തമായി ഉപയോഗിക്കുന്നില്ലെങ്കിൽ ജൈവവളം തിരികെ ശേഖരിക്കുകയും ചെയ്യുന്നതിന് ഹരിത കർമ്മസേനയ്ക്ക് ഓരോമാസവും 250 രൂപ (ഇനാക്കുലത്തിന്റെ വിലയുൾപ്പെടെ) നൽകേണ്ടതാണ്<br>3) എല്ലാ ദിവസവും ജൈവമാലിന്യ ശേഖരണം ആവശ്യപ്പെടുന്ന വീടുകൾ പ്രതിമാസം 800 രൂപ (അജൈവമാലിന്യ ശേഖരത്തിന് ഉൾപ്പെടെ) ഹരിത കർമ്മസേനയ്ക്ക് നൽകേണ്ടതാണ്.<br>4) കിച്ചൺബിൻ മുതലായ ഉപാധികൾ ഉപയോഗിച്ച് മാലിന്യ സംസ്കരണം നടത്തുന്ന വീടുകളിൽ അതിലൂടെ ലഭിക്കുന്ന ജൈവവളം ഉപയോഗിച്ച് പച്ചക്കറികൃഷി ചെയ്യുമെങ്കിൽ ആവശ്യമായ ഇനോക്കുലം (പ്രതിമാസം 30 ലിറ്റർ) നൽകുന്നതിനു പുറമെ ഹരിതസേനാംഗം ആഴ്ചയിലൊരിക്കൽ വീട് സന്ദർശിക്കുകയും ജൈവ പച്ചക്കറകൃഷി പരിപാലിക്കുകയും ചെയ്യുന്നതിന് |

| | | | |
|---|---|---|---|
| | | | പ്രതിമാസം 300 രൂപ (അജൈവമാലിന്യ ശേഖരണത്തിന് ഉൾപ്പെടെ) ഫീസായി നൽകേണ്ടതാണ്.<br>5) സ്ഥാപനങ്ങൾ സ്വന്തമായി ഏർപ്പെടുത്തുന്ന സംവിധാനം ചുരുങ്ങിയത് ആഴ്ചയിലൊരിക്കൽ ഹരിതകർമ്മസേനാംഗം പരിശോധിക്കുന്നതിനും, ദൈനംദിനം ജൈവമാലിന്യം ശേഖരിക്കുന്നതിനും, അജൈവമാലിന്യം നിർദ്ദിഷ്ട കാലയളവിൽ ശേഖരിക്കുന്നതിനും അനുയോജ്യമായ യൂസർഫീയും കാലാവധിയും തദ്ദേശ സ്ഥാപനത്തിന് തീരുമാനിക്കാവുന്നതാണ്. |
| (സി) | ഹരിതകർമ്മസേന പ്രവർത്തകർ മാലിന്യം ശേഖരിക്കുന്നതിന് വേണ്ടി യൂസർ ഫീ ഈടാക്കുന്നതിനെതിരെ നാം മുന്നോട്ട് എന്ന പരിപാടിയിൽ മുഖ്യമന്ത്രി നിലപാട് സ്വീകരിച്ചിരുന്നതായി ശ്രദ്ധയിൽപ്പെട്ടിരുന്നോ; വെളിപ്പെടുത്തുമോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) | ഈ നിലപാട് മൂലം സംസ്ഥാനത്തെ ഹരിത കർമ്മസേനയുടെ പ്രവർത്തനം നിലച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ഡി) | ഹരിത കർമ്മ സേനയുടെ പ്രവർത്തനം നിലച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ